ഇഹ്സാൻ

# 'കാക്കി'ക്കാരണവന്മാർ പറഞ്ഞതിനെ എതിർത്താൽ....

**ജിന്ന,** പാകിസ്താൻ, മുസ്ലിംകൾ തുടങ്ങിയ വിഷയങ്ങളിൽ 'കാക്കി'ക്കാരണവന്മാർ പറഞ്ഞുവെച്ചതിനെ എതിർക്കുകയാണ് ബി.ജെ.പിക്കകത്ത് ഇന്ന് സാധ്യമായ ഏറ്റവും വലിയ വിപ്ലവം എന്നായിരിക്കുന്നു. ആർ.എസ്.എസിനെ ചോദ്യം ചെയ്യുന്നതിന്റെ മറ്റൊരു രൂപമാണിത്. പക്ഷേ എന്തു ചെയ്യാൻ? 'മുട്ടു'വരെയോ ഏറിയാൽ 'ചട്ടി' വരെയോ ചാടാനാവുന്ന ചെമ്മീനുകളെയാണ് ഈ വിപ്ലവകാരികൾ ഓർമപ്പെടുത്തുന്നത്. ആർ.എസ്.എസ് അവരെ തൃണസമാനം ചവിട്ടി അരക്കുന്നു. രാജ്യത്തിന്റെ പ്രതിരോധ, വിദേശകാര്യ, ധനകാര്യ വകുപ്പുകൾ കൈകാര്യം ചെയ്ത (അങ്ങനെയൊരാൾ മറ്റൊരു പാർട്ടിയിലും ഇല്ലെന്നോർക്കുക), ബി.ജെ.പി സ്ഥാപിച്ച കാലം തൊട്ട് പാർട്ടിയുടെ അംഗമായ ഒരാളെയാണ് ഒരു പുസ്തകമെഴുതിയതിന്റെ പേരിൽ വിശദീകരണം പോലും ചോദിക്കാതെ ചവിട്ടി പുറത്താക്കുന്നത്. രാജ്യത്തെ ഏതെങ്കിലും പ്രകാരത്തിൽ ദോഷകരമായി ബാധിക്കുന്നതായിരുന്നില്ല ജസ്വന്ത് സിംഗിന്റെ പുസ്തകം. മറിച്ച് ഭാവിതലമുറയുടെ ഉന്മാദത്തെ ഇല്ലാതാക്കാനാണ് അത് സഹായിക്കേണ്ടിയിരുന്നത്. പുതിയ കാലഘട്ടത്തിൽ ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ തെറ്റ് ഭൂതകാലത്തെ വർത്തമാനത്തിലേക്ക് സംക്രമിപ്പിക്കുന്നതാണെന്ന് പുസ്തകത്തിലൊരിടത്ത് ജസ്വന്ത് എഴുതുന്നുണ്ട്. ജനതകളെ മതത്തിന്റെയും സംസ്കാരങ്ങളുടെയും പേരിൽ തമ്മിലടിപ്പിക്കുന്ന ആധുനിക രാഷ്ട്രീയ വ്യവസ്ഥയുടെ ഏറ്റവും കൊടിയ ഉപാസകരായിരുന്ന ബി.ജെ.പിയുടെ നേതാക്കളിലൊരാൾ ഇത് ഏറ്റുപറയുമ്പോൾ അതിൽ ഗുണപരമായ ഒരുപാട് വ്യത്യാസങ്ങളുണ്ട്. അദ്ദേഹം എഴുതിയ ഈ വാചകങ്ങൾ നോക്കൂ: 'സ്വന്തം അടിസ്ഥാനങ്ങളെ തിരസ്കരിച്ചതാണ് ജിന്നക്കു പറ്റിയ ഘടനാപരമായ കുഴപ്പം. അദ്ദേഹം ഇന്ത്യക്കാരനായിരുന്നു, ഇന്ത്യയുടെ മണ്ണും ഇന്ത്യയിലെ ചൂടുള്ള അനുഭവങ്ങളുമാണ് ജിന്നയെ പരുവപ്പെടുത്തിയത്. തീർച്ചയായും വ്യത്യസ്തമായ ഒരു വിശ്വാസത്തെ ഉൾക്കൊള്ളുന്നവരാണ് ഇന്ത്യയിലെ മുസ്ലിംകൾ. പക്ഷേ അവരുമായുള്ള വ്യത്യാസം അത്രയേയുള്ളൂ. ഏതെങ്കിലും വൈദേശികമായ ഉരുപ്പടികളല്ല അവർ' അക്ഷരാർഥത്തിൽ ആർ.എസ്.എസ് സ്ഥാപകനേതാവായ ഗുരുജി ഗോൾവർക്കറെയാണ് ജസ്വന്ത് ഈ വരികളിലൂടെ തള്ളിപ്പറയുന്നത്. അതു തന്നെയാണ് ഇപ്പോഴത്തെ നടപടികൾക്ക് കാരണമായതെന്നും വ്യക്തം.

പക്ഷേ ദയനീയമായ ഒരുപാട് യാഥാർഥ്യങ്ങൾ നമ്മുടെ മുമ്പിൽ ബാക്കിയാവുകയാണ്. ചരിത്രം പോലും ശാശ്വതമായ സത്യമല്ലെന്നും അവനവന്റെ സൗകര്യത്തിന് അപ്പപ്പോൾ പ്രചരിപ്പിക്കുന്ന നുണകളാണെന്നും ഈ നേതാക്കൾ അടിവരയിടുന്നു. സൗകര്യാർഥം പ്രചരിപ്പിക്കപ്പെടുന്ന ഈ നുണകളിൽ പലതും ആരു പറഞ്ഞു എന്നതാണ് എന്തു പറഞ്ഞു എന്നതിനേക്കാൾ പ്രധാനപ്പെട്ടതാവുന്നതെന്നും കാണേണ്ടിവരുന്നു. ബി.ജെ.പി പാർലമെന്ററി ബോർഡ് യോഗത്തിൽ ജസ്വന്ത് സിംഗിനെ പുറത്താക്കണമെന്ന ആവശ്യം ഉന്നയിച്ചത് എൽ.കെ അദ്വാനിയാണെന്നാണ് റിപ്പോർട്ടുകൾ. എങ്കിൽ അദ്ദേഹത്തിന്റെ വിശ്വവിഖ്യാതമായ കാപട്യങ്ങൾക്ക് ഇതിനേക്കാൾ മികച്ച അടിക്കുറിപ്പില്ല. സ്വന്തം ആത്മകഥയായ 'മൈ കൺട്രി, മൈ ലൈഫ്' എന്ന പുസ്തകത്തിൽ അദ്വാനി ജിന്നയെ കുറിച്ച് പറഞ്ഞത് ജസ്വന്ത് പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ്. 2005-ലെ വിവാദമായ പാകിസ്താൻ യാത്രയിൽ ജിന്നയെ കുറിച്ചു പറഞ്ഞ വാക്കുകൾ പലതവണ അദ്വാനി ആവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വെബ് സൈറ്റിലും ഈ വിഷയകമായ നിലപാട് വ്യക്തമാണ്. അതേ സമയം താൻ പറഞ്ഞതിന്റെ തുടർച്ചയായി വ്യാഖ്യാനിക്കാനാവും വിധം ജസ്വന്ത് വിഷയത്തിൽ കൈവെച്ചപ്പോൾ അദ്വാനിക്കു പൊള്ളി. ജിന്നയെ കുറിച്ച ജസ്വന്തിന്റെ വാക്കുകളല്ല സർദാർ പട്ടേലിനെ കുറിച്ച പരാമർശങ്ങളാണ് നടപടിക്കു കാരണമായതെന്ന് ബി.ജെ.പി നേതാവ് രവി ശങ്കർ പ്രസാദ് പിന്നീട് വിശദീകരിച്ചിട്ടുണ്ടെങ്കിലും പാർട്ടിയുടെ ഇരട്ടത്താപ്പ് ഇക്കാര്യത്തിൽ വ്യക്തമാണ്.

സർദാർ പട്ടേലിനെ മോശമായി ചിത്രീകരിച്ചു എന്നതാണ് ജസ്വന്ത് സിംഗിന്റെ കുറ്റമെന്ന ബി.ജെ.പിയുടെ നിലപാട് ഒന്നോർത്താൽ അതിവിചിത്രമാണ്. നെഹ്റു മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്ന സർദാർ പട്ടേലിനു വേണ്ടി ബി.ജെ.പി എന്തിന് വക്കാലത്തെടുക്കണം? പട്ടേൽ ഗുജറാത്തുകാരനായതുകൊണ്ട് നരേന്ദ്രമോഡി ജസ്വന്തിന്റെ പുസ്തകം നിരോധിക്കുക പോലും ചെയ്തു! മറുവശത്ത് സർദാർ പട്ടേലിനെ കുറിച്ച പരാമർശങ്ങളിൽ കോൺഗ്രസ് നേതാക്കളിലാരും അത്ര കടുത്ത എതിർപ്പ് പ്രകടിപ്പിച്ചതായോ സിംഗിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടതായോ റിപ്പോർട്ടുകളില്ല. എന്നല്ല സ്വാതന്ത്ര്യസമര കാലത്തെ അറിയപ്പെടുന്ന കോൺഗ്രസ് നേതാവായിരുന്ന അബുൽ കലാം ആസാദ് ജസ്വന്ത് സിംഗ് പറഞ്ഞതിനേക്കാൾ വൃത്തിയായി സർദാർ പട്ടേലിന്റെ പാളിച്ചകൾ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. ആസാദ് പറഞ്ഞ കാര്യങ്ങൾ ചരിത്രത്തിന്റെ ഭാഗമായി അംഗീകരിക്കാനുള്ള സന്നദ്ധതയാണ് കോൺഗ്രസ് കാണിച്ചതെങ്കിൽ, 29 വർഷം ബി.ജെ.പിയുടെ മുഖമായിരുന്ന ഒരാളെ പാർട്ടിയിൽ നിന്നും പുറത്താക്കാനാണ് ബി.ജെ.പി തിടുക്കപ്പെടുന്നത്! അവിടെയാണ് സംശയമുയരുന്നത്. സർദാർ പട്ടേലും ജിന്നയും സ്വാതന്ത്ര്യസമരവുമൊന്നുമല്ല നടപടിയുടെ കാരണമെന്നും കാക്കിയുടുത്തവരുടെ 'വർഗീയ ഗൂണോറിയ'യാണ് യഥാർഥത്തിൽ പ്രശ്നമെന്നും വ്യക്തം. മുസ്ലിംകൾ ഇന്ത്യക്കാരല്ല എന്ന് അണികളെ പഠിപ്പിക്കുന്ന ഒരു പാർട്ടിയിൽ ഇന്ത്യൻ മുസ്ലിംകൾ മാത്രമല്ല പാകിസ്താനും ബംഗ്ലാദേശുമടക്കമുള്ള രാജ്യങ്ങളിലെ പൗരന്മാരും കൂടി ഒരേ വംശീയതയുടെ തുടർച്ചക്കാരാണെന്ന് സിംഗ് എഴുതിവെച്ചാൽ ആർ.എസ്.എസിന് എങ്ങനെ സഹിക്കാനൊക്കും?

ആർ.എസ്.എസിന്റെ സിദ്ധാന്തങ്ങളിൽ ഇത്രയും കാലം അഭിരമിച്ച ഒരാൾക്ക് എങ്ങനെ ഇത് എഴുതാനായി എന്നതാണ് നമ്മെ അമ്പരപ്പിക്കേണ്ടത്. അദ്വാനിയടക്കമുള്ള മിക്ക ബി.ജെ.പി നേതാക്കളും വ്യക്തിപരമായി ഇത്തരം അഭിപ്രായങ്ങളാണ് കൊണ്ടുനടക്കുന്നതെന്നും കാണാനാവും. രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി മാത്രമാണ് ഇവർ ജനങ്ങളെ തമ്മിലടിപ്പിക്കുന്നത് എന്ന ഞെട്ടിപ്പിക്കുന്ന മറുവശമല്ലേ ബാക്കിയാവുന്നത്? എന്തായാലും സിംഗിന്റെ പ്രതികരണം കലക്കി. അധികാരം പാർട്ടിയെ ദുഷിപ്പിച്ചുവെന്ന സിംഗിന്റെ വാക്കുകളിൽ എല്ലാമുണ്ട്. ബി.ജെ.പിക്കകത്തെ വിഭാഗീയതയിലേക്കാണ് സിംഗ് വിരൽ ചൂണ്ടിയത്. രാജസ്ഥാൻകാരനായ സിംഗ് നേപ്പാളികൾ താമസിക്കുന്ന ഗൂർഖാലാന്റിൽ, അതും വിഘടനവാദികളുടെ പിന്തുണയോടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ തന്നെ ബുദ്ധിയുള്ളവർക്ക് ഈ പന്തികേട് പിടികിട്ടിയിരുന്നു. ഇന്ത്യാ മഹാരാജ്യത്ത് ഇങ്ങോർ എവിടെ മത്സരിച്ചാലും സ്വന്തം പാർട്ടിക്കാർ തോൽപ്പിക്കുമെന്ന് പേടിച്ചിട്ടു കൂടിയായിരിക്കണമല്ലോ രാജസ്ഥാനിൽ നിന്നും സിംഗ് ഗൂർഖാലാന്റിലേക്കു പോയത്. അന്ന് കഴിയാതിരുന്നത് പാർട്ടിക്ക് ഇന്നെങ്കിലും സാധിച്ചു. ■